# വ്യവസ്ഥകൾ

1 കേരള മീഡിയ അക്കാദമിയിലെ ലേഡീസ് ഹോസ്റ്റൽ മേട്രൻ തസ്തികയിൽ, മേലധികാരികളിൽ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് കരാർ നിയമന കാലയളവിൽ ജോലി ചെയ്യേണ്ടതാണ്.

2 മൊത്തം പ്രതിഫലമായി പ്രതിമാസം 15,000/- രൂപ (പതിനയ്യായിരം രൂപ മാത്രം) ഏകീകൃത വേതനമായി അക്കാദമി നൽകുന്നതാണ്.

3 ലേഡീസ് ഹോസ്റ്റൽ മേട്രൻ തസ്തികയിലെ നിയമനം തികച്ചും താത്ക്കാലികമായിരിക്കും.

4 നിയമന കാലാവധി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.

5 മേട്രൻ എന്ന നിലയ്ക്കുള്ള ജോലി കൂടാതെ മേലധികാരികൾ ഏൽപ്പിക്കുന്ന ചുമതല നിർവഹിക്കേണ്ടതാണ്.

6. വർഷത്തിൽ 12 ദിവസത്തെ കാഷ്വൽ ലീവിന് അർഹതയുണ്ടായിരിക്കും. ടി അവധി സെക്രട്ടറിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ എടുക്കാവു.

7 കേരള മീഡിയ അക്കാദമി വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ അടയ്ക്കുന്ന ദിവസങ്ങളൊഴികെ മറ്റ് അവധി ദിവസങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

8 ഹോസ്റ്റലിൽ അനുവദിക്കുന്ന മുറിയിൽ സൗജന്യമായി താമസിക്കാവുന്നതാണ്.

9 മേട്രന്റെ പ്രവർത്തി സമയം 24 മണിക്കൂറായിരിക്കും.

10 അനിവാര്യമായ സാഹചര്യത്തിൽ ഹോസ്റ്റലിൽ നിന്നും വിട്ടുനിന്നാൽ താങ്കളുടെ ചുമതലയിൽ വിശ്വാസ്യതയുള്ള ഒരു പകരക്കാരിയെ അക്കാദമി സെക്രട്ടറിയുടെ അറിവോടുകൂടി ആ അവസരത്തിലേയ്ക്കായി ഏർപ്പെടുത്തേണ്ടതാണ്.

11 ഹോസ്റ്റലിലെ പെൺകുട്ടികളുടെ പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും, ഹോസ്റ്റൽ നടത്തിപ്പു സംബന്ധിച്ച് ഏൽപ്പിക്കുന്ന എല്ലാ ചുമതലകളും നിർവഹിക്കേണ്ടതുമാണ്.

12 ഇവ കൂടാതെ കേരള മീഡിയ അക്കാദമി സെക്രട്ടറി ഗേൾസ് ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച് ഏൽപ്പിക്കുന്ന എല്ലാ ചുമതലകളും നിർവഹിക്കേണ്ടതാണ്.

13 ഈ കരാർപ്രകാരമുള്ള സേവനം ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകിയോ അക്കാദമി മറ്റു ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്കോ അവസാനിപ്പിക്കാൻ അവകാശമുണ്ടായിരിക്കും.

14 ഹോസ്റ്റൽ ഒഴിവുദിവസങ്ങളിൽ മുഴുവൻ വിദ്യാർത്ഥിനികളും ഹോസ്റ്റൽ വിട്ടൊഴിഞ്ഞതായി ബോധിച്ച് ഹോസ്റ്റൽ പൂട്ടി താക്കോൽ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. ഹോസ്റ്റൽ തുറക്കുന്ന ദിവസം സെക്രട്ടറി നിർദ്ദേശിക്കുന്ന പ്രകാരം വിദ്യാർത്ഥിനികൾ എത്തിച്ചേരുന്നതിന് മുൻപ് ഹാജരായി താക്കോൽ ഏറ്റുവാങ്ങി ഹോസ്റ്റൽ തുറക്കേണ്ടതുമാണ്.

15 മേട്രൻ എന്ന നിലയിലുള്ള പ്രവൃത്തിയിലെ അനാസ്ഥ നിമിത്തം അക്കാദമിക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് താങ്കൾ ഉത്തരവാദിയായിരിക്കും.

16 സേവനം തൃപ്തികരമല്ലെങ്കിൽ നിയമന തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ മുൻകൂർ നോട്ടീസ് നൽകാതെ തന്നെ സേവനം അവസാനിപ്പിക്കാൻ മീഡിയ അക്കാദമി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

17 ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകി പ്രത്യേകമായി യാതൊരു കാരണവും കാണിക്കാതെ തന്നെ ഈ ഉടമ്പടി അവസാനിപ്പിക്കുവാൻ താങ്കൾക്കും, അക്കാദമി സെക്രട്ടറിക്കും അവകാശമുണ്ടായിരിക്കും

സെക്രട്ടറി